**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3353 — 14.03.2018 ൽ മറുപടിക്ക്

# ആംബുലൻസ് ഇ-നെറ്റ് വർക്ക് സർവ്വീസ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ചിറ്റയം ഗോപകുമാർ<br>,, ഇ.കെ.വിജയൻ<br>,, കെ. രാജൻ<br>,, എൽദോ എബ്രഹാം | | ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആംബുലൻസ് സർവ്വീസ് ഇ-നെറ്റ് വർക്ക് ശൃംഖല സ്ഥാപിക്കുന്നതിന് ഉദ്ദേശമുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഏതെങ്കിലും മാതൃകയുടെ അടിസ്ഥാനത്തിലാണോ ഈ ആംബുലൻസ് ശൃംഖല സ്ഥാപിക്കുന്നത്; എങ്കിൽ എങ്ങനെയെന്ന് വ്യക്തമാക്കുമോ; | (ബി) | അഗ്രിഗേറ്റർ മാതൃകയിൽ സർക്കാർ സംവിധാനങ്ങളുടെ മേൽനോട്ടത്തിലും നിയന്ത്രണത്തിലും സ്വകാര്യ/സർക്കാർ ആംബുലൻസുകളെ കൂടി ഉൾപ്പെടുത്തി ജി.പി.എസ് സംവിധാനം ഉപയോഗിച്ച് വളരെ മെച്ചപ്പെട്ട നിലയിൽ സംസ്ഥാനത്താകമാനം അപകടങ്ങളിൽ പെടുന്നവർക്ക് സൗജന്യമായി സേവനം നൽകുവാനാണ് വിഭാവനം ചെയ്യുന്നത്. |
| (സി) | ഈ പദ്ധതി നടപ്പാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (സി) | കേരളത്തിൽ കഴിഞ്ഞ കുറെ കാലങ്ങളായി കൂടുതൽ ആളുകളുടെ മരണത്തിനും ശാരീരിക വൈകല്യത്തിനും ഇടവരുന്ന റോഡ് അപകടങ്ങൾ വർദ്ധിച്ചു വരികയാണ്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ മുൻ വർഷങ്ങളിൽ റോഡപകട മരണ നിരക്ക് കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞിരുന്നുവെങ്കിലും എല്ലാ നിയന്ത്രിത സംവിധാനങ്ങളെയും നിഷ് പ്രഭമാക്കി റോഡപകടങ്ങൾ തുടർക്കഥയാകുന്നത് ഒരു വലിയ വിപത്തായി കണ്ട് ഇക്കാര്യത്തിൽ ജനങ്ങളുടെ ജീവനും ആരോഗ്യവും സംരക്ഷിക്കുവാൻ സർക്കാർ ഇടപെടേണ്ട ആവശ്യകത മുൻ നിർത്തി അപകടങ്ങളിൽപ്പെട്ടുള്ള മരണവും അംഗവൈകല്യങ്ങളും കുറക്കുക എന്നതാണ് ഈ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യം. നിർദ്ദിഷ്ട |

| | | | |
|---|---|---|---|
| | | | ആംബുലൻസ് സംവിധാനം ഈ ലക്ഷ്യം കൈവരിക്കുന്നതിന് സഹായകരമായിരിക്കുന്നതാണ്. |
| (ഡി) | പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | (ഡി) | 02.11.2017 ന് ബഹു മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ട്രോമാകെയർ മാനേജ്മെന്റുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ എല്ലാവരുടെയും അഭിപ്രായം ആരായുകയും അപകടങ്ങളിൽപെടുന്നവർക്ക് സർക്കാർ/ സ്വകാര്യ ആശുപത്രികളിൽ ആദ്യ 48 മണിക്കൂർ സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനായി തീരുമാനം എടുത്തിരുന്നു. റോഡപകടങ്ങളിൽ പെടുന്നവരുടെ ജീവൻ രക്ഷിക്കുന്നതിനായി ആദ്യ മണിക്കൂറിൽ (Golden hour) അപകടത്തിൽപ്പെടുന്നവരെ അപകട സ്ഥലത്ത് നിന്നും മതിയായ ചികിത്സാ സംവിധാനമുള്ള സർക്കാർ/സ്വകാര്യ ആശുപത്രികളിൽ എത്തിക്കുന്നതിന് കൃത്യമായ പരിശീലനം ലഭിച്ച ജീവനക്കാരും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള ഗുണനിലവാരമുള്ള ആംബുലൻസുകളും കേന്ദ്രീകൃത സ്വഭാവത്തോടെ സർക്കാർ സർക്കാരേതര ഏജൻസികളുമായി സഹകരിച്ച് ഒരു കോൾ സെന്റർ മുഖേന ജി.പി.എസ് നിയന്ത്രിത സംവിധാനം ഏർപ്പെടുത്തുന്നതിന് കെ.എം.എസ്.സി.എല്ലിനെ ചുമതലപ്പെടുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ ദർഘാസ് നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ